ഡോക്ടർമാരുടെ ഒഴിവുകൾ

359 [391] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കാശുപത്രി, വെളിയനാട്, എടത്വാ, തലവടി, കാവാലം, രാമങ്കരി മിത്രക്കരി, ചമ്പക്കുളം, എന്നീ ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്ര;

(ബി) ഇപ്പോൾ എത്ര ഡോക്ടർമാർ ഈ ആശുപത്രികളിലുണ്ട്;

(സി) ഓരോ ആശുപത്രിയിലും ഇപ്പോൾ ഒഴിവുള്ള തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ ഒഴിവുകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ ഡി. എം. ഒ. യെ അധികാരപ്പെടുത്തുന്നതിനും അങ്ങനെ അവിടെ ഡോക്ടർമാർ ജോലിക്ക് ഹാജരാകുന്നുവെന്ന് ഉറപ്പ് വരുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടനാട് (പുളിംകുന്ന്) താലൂക്കാശുപത്രിയിൽ അഞ്ചും വെളിയനാട് ആശുപത്രിയിൽ രണ്ടും, എടത്വാ, തലവടി, കാവാലം, രാമങ്കരി, മിത്രക്കരി, ചമ്പക്കുളം എന്നീ ആശുപത്രികളിൽ ഓരോ ഡോക്ടർമാരുടെ തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) കുട്ടനാട് (പുളിക്കുന്ന്) താലൂക്കാശുപത്രിയിൽ നാലും, വെളിയനാട്, എടത്വാ, തലവടി, രാമങ്കരി മിത്രക്കരി, ചമ്പകുളം എന്നീവിടങ്ങളിൽ ഓരോ ഡോക്ടർമാരും ഉണ്ട്. കാവാലത്തെ ഡോക്ടർ മെഡിക്കൽ കോളേജിൽ ട്യൂട്ടർ നിയമനം ലഭിച്ചതിനാൽ 5-6-1986-ൽ അവിടം വിട്ടുപോയി.

(സി) കാവാലം ആശുപത്രിയിലെ ഡോക്ടർ ട്യൂട്ടർ നിയമനം കിട്ടിപോയതിനാൽ അവിടെ 5-6-1986 മുതൽ ആ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. മറ്റ് ആശുപത്രികളിലെല്ലാം ഒഴിവുള്ള തസ്തികകളിൽ പൊതു സ്ഥലമാറ്റത്തോടനുബന്ധിച്ച് 19-5-1986-ൽ ഡോക്ടർമാരെ നിയമിച്ചുവെങ്കിലും എല്ലാ ഡോക്ടർമാരും ഹാജരാകാത്തതിനാലാണ് ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്. പബ്ലിക് സർവീസ് കമ്മീഷനിൽ നിലവിലുള്ള ഡോക്ടർമാരുടെ നിയമന ലിസ്റ്റിൽനിന്നും ഡോക്ടർമാരെ നിയമിച്ച് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

(ഡി) മുൻ ഉത്തരവിനൊ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിലവിലുള്ള നിയമമനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസറെ അധികാരപ്പെടുത്തുവാൻ കഴിയില്ല. ഡോക്ടർമാരുടെ നിയമന ലിസ്റ്റ് പി. എസ്. സി. യിൽ നിലവിൽ ഉള്ളതുകൊണ്ട് താൽക്കാലിക നിയമനം സാദ്ധ്യമല്ല. പി. എസ്. സി. ലിസ്റ്റിൽനിന്നു മാത്രമേ ഡോക്ടർമാരെ നിയമിക്കുകയുള്ളു. ഒഴിവുള്ള എല്ലാ തസ്തികയിലും ഉടൻ ഡോക്ടറെ നിയമിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly